# മലയാള മനോരമയുടെ 'ഏ.കെ.ആന്റണി ബ്രാന്റ്' കേരളം

## കേരളം നാളെ

**സി. ആർ. നീലകണ്ഠൻ നമ്പൂതിരി**

"സാമ്പത്തിക മാന്ദ്യവും കാർഷിക വിളകളുടെ വിലയിടിവും നാടിനെ തകർക്കുന്നത് സാമൂഹിക. പ്രതിബദ്ധതയുള്ള ഒരു പത്രത്തിന് നോക്കിയിരിക്കാനാകില്ല" എന്നതിനാലാണ്. 'കേരളത്തെ ഒരു നല്ല നാളെയിലേക്കു നയിക്കുന്നതിന്, ഡിസംബർ 21 ന് എറണാകുളത്ത് കേരളത്തിലെ (അല്ല ഇന്ത്യയിലെ) ഏറ്റവും പ്രചരമുള്ള ഭാഷാപത്രം' കേരളം - നാളെ എന്ന ചർച്ച സംഘടിപ്പിച്ചതത്രേ! ആ പത്രത്തോളമില്ലെങ്കിലും മറ്റു പത്രമാദ്ധ്യമങ്ങളും ആ ചർച്ച റിപ്പോർട്ടുചെയ്തു. നാളത്തെ കേരളം ഏതു രൂപത്തിലുള്ളതായിരിക്കും അല്ലെങ്കിൽ ആയിരിക്കണം എന്നോ അത് ആരുടേതായിരിക്കും അല്ലെങ്കിൽ ആയിരിക്കണം എന്നോ അത് ആരുടേതായിരിക്കണമെന്നോ ആണല്ലോ ചർച്ച ചെയ്യപ്പെടുക. ഒരു പത്രത്തിന്റെ പ്രശ്നമെന്ന നിലക്കിതിനെ അവഗണിക്കാനാവില്ല. മുമ്പും മനോരമ ഇത്തരം ചർച്ചകൾ നടത്തി അഭിപ്രായ രൂപീകരണത്തിനു ശ്രമിച്ചിട്ടുണ്ടെന്നും അത് ശരാശരി മലയാളിയുടേയും നമ്മുടെ ഭരണകൂടങ്ങളുടേയും അഭിപ്രായമായിട്ടുണ്ടെന്നതിനാലാണിത്.

ചർച്ച ചെയ്ത വിഷയങ്ങൾ, പങ്കെടുത്ത വ്യക്തികൾ, നടത്തിയ സ്ഥലം, സമയം തുടങ്ങിയവയെ ആശ്രയിച്ചായിരിക്കുമല്ലോ നിഗമനങ്ങളുണ്ടാവുക. വിവരസാങ്കേതിക വിദ്യ, ജൈവസാങ്കേതിക വിദ്യ, ടൂറിസം, പശ്ചാത്തല സൗകര്യങ്ങൾ എന്നീ നാലു മേഖലകളെ കേന്ദ്രീകരിച്ചായിരുന്നു ചർച്ച. ഈ മേഖലകളുടെ വികസനവും അതിനാവശ്യമായ വിദേശി - സ്വകാര്യ മൂലധന സമാഹരണമാർഗ്ഗങ്ങളുമാണ് ഉയർന്നുവന്നത്. ഇതിൽനിന്നു തന്നെ വ്യക്തമാണ് എന്തു വികസനമാണ് അഥവാ ആരുടെ വികസനമാണ് ഇവിടെ ലക്ഷ്യം വെയ്ക്കുന്നതെന്ന്. തകർന്നുകൊണ്ടിരിക്കുന്ന കേരളത്തിലെ ഗ്രാമങ്ങളുടെ ജീവനായ കൃഷിയും അനുബന്ധ തൊഴിൽ - ഉൽപ്പാദനമേഖലകളും ഇവർക്കൊരു വിഷയമായില്ല. ഇത്രയേറെ മഴ കിട്ടിയിട്ടും നമ്മുടെ മിക്ക ഗ്രാമങ്ങളിലും നഗരങ്ങളിലും ഉണ്ടാകുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാൻ വിദേശ മൂലധനത്തോടെയുള്ള മിനറൽ വാട്ടർ മതി. പരിസ്ഥിതി സംരക്ഷണമെന്നതിന്റേയും മാലിന്യനിർമ്മാർജ്ജനത്തിന്റേയും ലക്ഷ്യം ടൂറിസം മാത്രം. പൊതു ആരോഗ്യ സംവിധാനമില്ലാതാക്കി യൂസേഴ്സ് ഫീസുള്ള ആശുപത്രികളും മാത്രമാക്കുന്ന നടപടി ഇവിടെ നടക്കുന്നു. പൊതുവിതരണം തകർന്നതിന്റേയും മറ്റും ഫലമായുണ്ടാകുന്ന പട്ടിണി മരണങ്ങൾ വെറും പ്രാദേശിക വാർത്തകൾമാത്രം. അതി മഹത്തരങ്ങളായ ഐടിക്കും ബിടിക്കും (ബയോടെക്നോളജി) അന്താരാഷ്ട്ര നിലവാരമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളാരംഭിക്കാൻ പണം 'തേടുമ്പോൾ', സാമ്പത്തികമായ നേട്ടമില്ലാത്തവ (അൺ ഇക്കണോമിക്) ആയതിനാൽ രണ്ടായിരത്തിൽ പരം സർക്കാർ - എയ്ഡഡ് (ദരിദ്രന്റെ) സ്കൂളുകൾ നിർത്തലാക്കണമെന്ന ആസൂത്രണ ബോർഡ് നിർദ്ദേശം ' കാലിൽ ചുറ്റുന്നു'.

(ശേഷം 5-ാം പേജിൽ)

# 'ആന്റണി ബ്രാന്റ്' കേരളം

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

വിദേശിയെ എങ്ങനെ ആകർഷിക്കാമെന്നും സന്തോഷിപ്പിക്കാമെന്നും ശ്രമിക്കുന്നതിന്റെ ഭാഗമായാണ് ആയുർവേദം ചർച്ചക്കുവരുന്നത്.

ചർച്ചയിൽ വന്നവരൊന്നും വി. ഐ. പി. - മറ്റുള്ളവർ എന്ന വ്യത്യാസമില്ലാതെ പെരുമാറി എന്ന് ഒരു പത്രലേഖകൻ എഴുതി (എന്തൊരു സ്ഥിതിസമത്വം!). അവിടെ വന്നവരെല്ലാം വി. ഐ. പി. കളായിരുന്നുവെന്നതാണു സത്യം. മുഖ്യമന്ത്രി, ധന മന്ത്രി, ഐ. ടി. മന്ത്രി (വ്യവസായം കൂടിയുണ്ടെങ്കിലും ഇതു മാത്രമാണല്ലോ ഇപ്പോൾ വ്യവസായം) ടൂറിസം മന്ത്രി (ഫിഷറീസ് എന്നത് അദ്ദേഹത്തിനുതന്നെ അത്ര പഥ്യമല്ല), പൊതുമരാമത്തു വകുപ്പമന്ത്രി, കേന്ദ്രസംസ്ഥാന സെക്രട്ടറിമാർ, അമേരിക്കൻ എക്സ്പ്രസ് ബാങ്കിന്റെ മുൻ ഉപാദ്ധ്യക്ഷൻ ശ്രീധർമേനോൻ, അമേരിക്കൻ ജൈവസാങ്കേതിക വ്യവസായ സ്ഥാപനമായ ജനസിക്കിന്റെ തലവൻ എബി ഉമ്മൻ, ന്യൂയോർക്കിലെ നെതർലാന്റ് ഗ്രൂപ്പ് കമ്പനി തലവൻ ദിലീപ് കെ. വെള്ളാടി സംസ്ഥാന ടൂറിസം ഉപദേഷ്ടാവ് ഹാൻസ്മുള്ളർ, കേരള കർണ്ണാടക സംസ്ഥാനങ്ങളുടെ ആസൂത്രണ ബോർഡ് അദ്ധ്യക്ഷന്മാർ ടൂറിസം - ഐ. ടി. - ബി. ടി. - ഹോട്ടൽ - യാത്ര തുടങ്ങിയ ഒട്ടേറെ വ്യവസായ സ്ഥാപനങ്ങളുടെ തലവന്മാർ, മാധ്യമ പ്രതിനിധികൾ ... ഇങ്ങനെ പോകുന്നു. ഇവർക്കു താൽപര്യമുള്ള വിഷയങ്ങളെന്തെല്ലാമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ!

ചർച്ച നടത്തിയത് കൊച്ചിയിലെ ഏറ്റവും ചിലവേറിയ (ദിവസം പ്രതി ലക്ഷങ്ങൾ വാടക വരുന്ന) ഗൾഫാർ ഓഡിറ്റോറിയത്തിൽ വച്ച്. വരുമാനത്തിലെ കാര്യമായ കുറവും ചിലവിലെ കാര്യമായ വർദ്ധനവുമൂലം ജനങ്ങളിൽ ബഹുഭൂരിപക്ഷവും തകർന്നിരിക്കുന്ന, വർഗ്ഗീയ ഫാസിസം അതിന്റെ തേറ്റകൾ വിടർത്തി അവയുടെ വിശ്വരൂപം കാണിച്ചു തുടങ്ങിയ, ചെറുതും വലുതുമായ ഒട്ടേറെ പ്രതിരോധങ്ങൾ ഉയർന്നുവരുന്ന, പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലങ്ങൾ ഉപരി - മദ്ധ്യവർഗ്ഗങ്ങളിൽപെട്ടവർപോലും സംശയം പ്രകടിപ്പിക്കുന്ന ഒരു സമയമാണിത്.

ഈ 'അപകട' സന്ധിയിൽ ഈ സാമ്പത്തികനയം മൂലം നേട്ടമുണ്ടാകുന്നവരുടെ (ഇരുപത് ശതമാനം മാത്രം) തരത്തിൽ മുഴുവൻ കേരളീയരും ചിന്തിക്കണമെന്ന് ഉൽബോധിപ്പിക്കാനുള്ള ശ്രമമാണിത്. നട്ടെല്ലൊടിഞ്ഞ കർഷകർ മനോരമ ബഹിഷ്ക്കരിക്കാനും സ്ഥാപനത്തിന്റെ കണ്ണാടിച്ചില്ലെറിഞ്ഞു പൊട്ടിക്കാനും റബ്ബർ വില ഇത്ര താഴ്ന്നിട്ടും കൊറിയൻ ടയർ വരുന്നതിനാൽ സ്വന്തം ടയർ കമ്പനിപോലും തകരാനും തുടങ്ങിയ സമയത്തെ ഒരു 'കച്ചവടതന്ത്രം' കൂടിയാകാമിത്. ചർച്ചകൾക്കൊടുവിൽ മുഖ്യമന്ത്രി പറഞ്ഞു "ഞാനാകെമാറി. പത്താം പഞ്ചവത്സര പദ്ധതിയെ 'പരിഷ്ക്കരണ പദ്ധതി' യാക്കി മാറ്റും. ഈ പരിഷ്ക്കരണത്തിന് രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും മാത്രം തയ്യാറായാൽ പോരാ. കൂടെ ജനങ്ങളും മാറണം. ആ മാറ്റത്തിന് മത - സാമുദായിക നേതാക്കളും തയ്യാറാവണം" അതിനു വേണ്ടി കാഹളമൂതുകയാണ് പത്രം.

ജനുവരി ഒമ്പതിനു ചേരുന്ന സംസ്ഥാന മന്ത്രിസഭാ യോഗം പല കടുത്ത തീരുമാനങ്ങളും എടുക്കുമെന്ന് മുഖ്യമന്ത്രി ഇവിടെയും ആവർത്തിച്ചു (വൈദ്യുതി, ബസ് നിരക്ക്, വെള്ളക്കരം, റേഷൻവില, ആശുപത്രി ഫീസ് മുതലായവയെല്ലാം കൂട്ടിയതിനേക്കാൾ കടുത്തതെന്ത് എന്ന് ജനം സംശയിക്കുന്നു). അടുത്ത അഞ്ചുവർഷം അൽപ്പം ബുദ്ധിമുട്ടു സഹിക്കാൻ ജനങ്ങൾ (എല്ലാവരും) തയ്യാറായാൽ കേരളത്തെ മറ്റു സംസ്ഥാനങ്ങളുടെ മുന്നിലെത്തിക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിന്റെ രാഷ്ട്രീയ കാലാവസ്ഥ വച്ച് ഇനി നാരല വർഷത്തിൽ താഴെ കഴിയുന്നതുവരെയേ ഈ മുഖ്യമന്ത്രി കാണൂ. അഞ്ചുവർഷം കഴിഞ്ഞുള്ള കാര്യം ആർക്കും പറയാം. ഇപ്പോൾത്തന്നെ നരകത്തിലായിരിക്കുന്ന ജനങ്ങൾ ഇനിയും ബുദ്ധിമുട്ടു സഹിക്കണമെന്നാൽ അതെന്താവും?

ചർച്ചയിൽ പൊന്തിവന്ന ചില പ്രധാന നിർദ്ദേശങ്ങൾ മാത്രമേ ഇവിടെ നിരത്തുന്നുള്ളു. കാസർകോടു മുതൽ തിരുവനന്തപുരം വരെ ആറുവരി ഹൈവേ (ക്ഷമിക്കണം റബ്ബറൈസ്ഡ്) ഇതുതന്നെ ആർക്ക്? ആറുമണിക്കൂർ ഈ പാതയിലൂടെ കാസർകോട് നിന്നും തിരുവനന്തപുരത്തെത്തേണ്ടത് മന്ത്രിമാർക്ക് മാത്രം! കൂടാതെ മറ്റു റോഡുകളും റബ്ബറൈസ് ചെയ്യുമെന്നും മന്ത്രി പറയുന്നു. ഇതിനാവശ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ (ടാർ) നൽകാൻ കൊച്ചി റിഫൈനറിക്കു കഴിയുമോ എന്ന് മാത്രം അദ്ദേഹത്തിനു സംശയം! ഇനി റബ്ബർ കർഷകർ ഭയപ്പെടേണ്ടതില്ലെന്ന ദുസൂചന (ഇതിനാകെ എത്ര ടൺ റബ്ബർ വേണം? അതൊന്നും പറയില്ല. ലോകബാങ്കും ഏഷ്യൻ വികസന ബാങ്കും മറ്റുമാണ് വായ്പ നൽകുന്നതെന്നതിനാൽ സ്വകാര്യമേഖലയിലായിരിക്കും റോഡുകളും പാലങ്ങളുമുണ്ടാകുക. കുറഞ്ഞ വിലയ്ക്ക് റബ്ബറൈസ്ഡ് ബിറ്റുമിൻ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യാനായാൽ അവരതു ചെയ്യും). ഇവയൊക്കെ വൻ ടോൾ നിരക്കിലാവും പ്രവർത്തിക്കുകയെന്നും ഉറപ്പാണ് (മട്ടാഞ്ചേരി ബി. ഒ. ടി. പാലം പോലെ) ചുരുക്കത്തിൽ ദരിദ്രർക്കിനിമേൽ പെരുവഴി പോലുമുണ്ടാകില്ല.

ഐ. ടി. രംഗത്തെ ഭാവിയെക്കുറിച്ച് സെമിനാറിൽ നടത്തിയ വാചകമടികൾ കേട്ടാൽ ബിൽഗേറ്റ്സിനുപോലും സംശയം തോന്നിയേക്കും. ഇതെത്രനാൾ തുടരാനാവുമെന്നറിയില്ല. പാശ്ചാത്യരാജ്യങ്ങളിൽ ഏറെ എതിർപ്പുണ്ടാക്കിയ ജൈവസാങ്കേതിക വിദ്യയിൽ നമ്മുടെ നാട്ടിൽ പരീക്ഷിച്ച് ലാഭമുണ്ടാക്കാനുള്ള ശ്രമത്തെ ഇവിടെ വാനോളം പുകഴ്ത്തി.. സവിശേഷമായ ജൈവ വൈവിദ്ധ്യത്തിന് സമൃദ്ധിയുള്ള കേരളത്തിനിനി അതെല്ലാം നഷ്ടമാകും. ടൂറിസമാണ് ഏറ്റവുമധികം പരാമർശിക്കപ്പെടുന്ന മേഖല. ആയുർവ്വേദ പാർലറുകൾ വർദ്ധിപ്പിക്കണമെന്നും അവ ശാസ്ത്രീയമാക്കണമെന്നും മറ്റും പറഞ്ഞു ഏതു തരം ചികിത്സ ഉദ്ദേശിച്ചാണിവിടെ ടൂറിസ്റ്റുകൾ വരുന്നതെന്നറിയാവുന്ന ചികിത്സാ കേന്ദ്രങ്ങൾ ഇപ്പോൾതന്നെ പണം കൊയ്യുന്നുണ്ട്.

സംസാരിക്കുന്നവരുടെയെല്ലാം മനസ്സിലുണ്ടായിരുന്ന ആദർശരൂപം ആന്ധ്രമുഖ്യമന്ത്രി ചന്ദ്രബാബുനായിഡുവായിരുന്നുവെന്നു വ്യക്തം. ഏറ്റവുമധികം കർഷകർ ആത്മഹത്യ ചെയ്ത, പട്ടിണി മരണങ്ങളുണ്ടായ ഏറ്റവും രക്തരൂഷിതമായ ഗ്രാമീണ ചെറുത്തുനിൽപു നടക്കുന്ന സംസ്ഥാനമാണ് ആന്ധ്ര. മുഖ്യ പ്രഭാഷണം നടത്തിയത് കോൺഗ്രസ് പാർട്ടിയുടെ സാമ്പത്തിക വിദഗ്ദ്ധനും കർണ്ണാടക സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷനുമായ ജയറാം രമേഷാണ്. പുത്തൻ സാമ്പത്തികനയങ്ങളെ ഏറ്റവും ശക്തമായി പിന്താങ്ങുന്ന ജയറാമിന്റെ മാതൃക കർണാടക മുഖ്യമന്ത്രി എസ്. എം. കൃഷ്ണയാണ്. അവിടത്തെ 176 താലൂക്കുകളിൽ 145 ലും പട്ടിണി കൊടികുത്തിവാഴുന്നു. ധാരാളം പട്ടിണിമരണങ്ങൾ നടക്കുന്നു. കർണാടകയെന്നാൽ ബാംഗ്ലൂരും ആന്ധ്രയെന്നാൽ ഹൈദരാബാദുമായി എന്നതുപോലെ കേരളമെന്നാൽ കൊച്ചിയും കോഴിക്കോടുമെന്നാകണം എന്ന് ജയറാം പ്രഖ്യാപിച്ചപ്പോൾ കാര്യം വ്യക്തമായി (ഇന്ത്യയുടെ ഹൃദയം ഗ്രാമങ്ങളിലാണെന്ന് പറഞ്ഞ ഗാന്ധിജിയുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഇങ്ങേയറ്റത്തെ കണ്ണി ഒരു ഹൃദയം മാറ്റി വെയ്ക്കൽ ശസ്ത്രക്രിയ നടത്തി ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്ക്. ഗ്രാമങ്ങൾ ആർക്കുവേണം!)

ജയറാം രമേഷിന്റെ ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം "ബ്രാന്റ്" സൃഷ്ടിക്കുന്നതിനെപ്പറ്റിയായിരുന്നു. കമ്പോള സംസ്കാരത്തിൽ ഇതു പ്രധാനമാണല്ലോ. അന്താരാഷ്ട്ര കമ്പോളത്തിൽ കേരളത്തിന്റെ ബ്രാന്റായി എ. കെ. ആന്റണിയെ ഉയർത്തിക്കാട്ടണം. 96 ലും അതിനു ശേഷവും പാർലമെന്റിലേക്കു നടന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് തോറ്റമ്പിയതെന്തുകൊണ്ടെന്നന്വേഷിക്കാൻ നിയുക്തമായ സമിതി കണ്ടെത്തിയത്, അത് പുത്തൻ സാമ്പത്തിക നയങ്ങൾ മൂലമാണെന്നായിരുന്നു. ആ സമിതിയുടെ അദ്ധ്യക്ഷനായിരുന്ന ആന്റണിയെ (വീണ്ടും) മാമോദീസ മുക്കി അതേ നയത്തിന്റെ പ്രചാരണത്തിനുള്ള ബ്രാന്റ് നെയിമാക്കുന്നു. ഇനി നാളത്തെ കേരളം അറിയപ്പെടുക "എ. കെ. ആന്റണി മാർക്ക് കേരളം" എന്നാവും.